ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.09.2025**

## പ്രധാനവാർത്തകൾ

1. സ്ത്രീശക്തിയുടെ ആഘോഷം കൂടിയാണ് നവരാത്രി എന്ന് പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കിബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി; നാടിൻറെ ശുചിത്വം കൂട്ടായ ഉത്തരവാദിത്തമെന്നും പ്രധാനമന്ത്രി.
2. ഉത്സവ ആഘോഷ വേളകളിൽ തദ്ദേശീയ ഉൽപന്നങ്ങൾക്ക് പ്രാധാന്യം നൽകണമെന്നും പ്രധാനമന്ത്രിയുടെ ആഹ്വാനം.
3. കഴിഞ്ഞ11 വർഷത്തിനിടെ രാജ്യത്ത് ഖാദിയുടെ പ്രചാരം വർദ്ധിച്ചതായി മൻകീ ബാത്തിൽ പ്രധാനമന്ത്രി.
4. രാജ്ഭവൻ പ്രസിദ്ധീകരിക്കുന്ന ത്രൈമാസിക രാജ്ഹംസിൻറെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.
5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത; നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത; ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.
6. ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് കിരീട പോരാട്ടം; ഇന്ത്യ പാകിസ്ഥാനെ നേരിടും

RNU TVPM

**മൻ കി ബാത് - തദ്ദേശീയ ഉൽപ്പന്നം (ഇൻട്രോ)**

വരാനിരിക്കുന്ന ഉത്സവ ആഘോഷ വേളകളിൽ തദ്ദേശീയ ഉൽപന്നങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കിബാത്തിൻറെ 126-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജിഎസ്ടി സേവിങ്സ് ഫെസ്റ്റിവൽ നടക്കുകയാണെന്നും സാധനങ്ങൾ വാങ്ങുന്ന അവസരത്തിൽ വോക്കൽ ഫോർ ലോക്കൽ എന്നത് മനസിലുണ്ടാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് ഫോർ വോയ്സ്)**

സ്വദേശി ഉൽപ്പനങ്ങൾ ഉപയോഗിക്കുന്നതിലൂടെ സ്വയം പര്യാപ്ത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം മുന്നേറാനാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

**മൻ കി ബാത്ത് - ശുചിത്വം**

നാടിൻറെ ശുചിത്വം കൂട്ടായ ഉത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഉത്സവാവസരങ്ങളിൽ വീടുകൾക്കൊപ്പം തെരുവുകളും കമ്പോളങ്ങളും വൃത്തിയാക്കണമെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിലൂടെ അഭ്യർത്ഥിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

**മൻ കിബാത് - സ്ത്രീ ശക്തി (ഇൻട്രോ)**

നവരാത്രി സ്ത്രീശക്തിയുടെ ആഘോഷം കൂടിയാണെന്ന് പ്രധാനമന്ത്രി. വിവിധ മേഖലകളിൽ ഇന്ന് വനിതകൾ മുൻനിരയിലുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്.......)**

നാവിക സാഗർ പരിക്രമ സമുദ്ര പര്യവേഷണ ദൗത്യം വിജയകരമായി പൂർത്തിയാക്കിയ നാവികസേന ഉദ്യോഗസ്ഥരായ കോഴിക്കോട് സ്വദേശി ലഫ്റ്റനൻറ് കമാൻഡർ ദിൽന, ലഫ്റ്റനൻറ് കമാൻഡർ രൂപ എന്നിവർ യുവാക്കൾക്കും

RNU TVPM

സ്ത്രീകൾക്കും പ്രചോദനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ ജനങ്ങൾക്ക് പ്രധാനമന്ത്രി നവരാത്രി, ദീപാവലി ആശംസകൾ നേർന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## മൻ കി ബാത് - ഖാദി (ഇൻട്രോ)

കഴിഞ്ഞ11 വർഷത്തിനിടെ രാജ്യത്ത് ഖാദിയുടെ പ്രചാരം വർദ്ധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഖാദി വിൽപനയിൽ ഗണ്യമായ വർദ്ധനവുണ്ടായതായും അദ്ദേഹം പറഞ്ഞു. ഈ ഗാന്ധി ജയന്തി ദിനത്തിൽ ഒരു ഖാദി ഉൽപന്നമെങ്കിലും വാങ്ങണമെന്ന് പ്രധാനമന്ത്രി ജനങ്ങളോട് ആഹ്വാനം ചെയ്തു.

**(ഹോൾഡ് വോയ്സ്)**

രാജ്യത്തെ കൈത്തറി-കരകൗശലമേഖലകളുടെ മുന്നേറ്റം വ്യക്തമാക്കുന്ന തമിഴ്നാട്ടിലെ യാഴ് നാച്വറൽസ്, ഝാർഖണ്ഡിലെ ജോഹർഗ്രാം ബ്രാൻഡ്, ബിഹാറിലെ സങ്കല്പ് ക്രിയേഷൻ തുടങ്ങിയ സംരംഭങ്ങൾ പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## മൻ കി ബാത് - സുബീൻ ഗർഗ്

പ്രശസ്ത ഗായകൻ സുബീൻഗർഗിൻറെ വിയോഗത്തിൽ പ്രധാനമന്ത്രി ദുഃഖം രേഖപ്പെടുത്തി. അസമീസ് സംസ്കാരവുമായി ആഴത്തിൽ ബന്ധമുണ്ടായിരുന്ന സുബീൻ ഗർഗിൻറെ മാസ്മരിക സംഗീതം എന്നും ഓർമകളിൽ ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

☸☸☸☸☸☸☸☸☸☸☸☸☸

## മൻ കി ബാത് - സ്മരണാഞ്ജലി

സ്വാതന്ത്ര്യസമര സേനാനി ഭഗത് സിങ്ങിൻറേയും ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെടുന്ന ലതാ മങ്കേഷ്കറിൻറേയും ജൻമവാർഷിക ദിനത്തിൽ പ്രധാനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഭഗത് സിങ്ങിൻറെ ജീവിതം രാജ്യത്തെ യുവാക്കൾക്ക് പ്രചോദനമാണെന്ന് അദ്ദേഹം മൻ കി ബാത്തിൽ പറഞ്ഞു. ലതാ

RNU TVPM

മങ്കേഷ്ക്കർ പാടിയ ദേശഭക്തിഗാനങ്ങൾ ഇന്നും ജനമനസുകൾക്ക് ഊർജമേകുന്നതായി ശ്രീ മോദി അഭിപ്രായപ്പെട്ടു.
**(ഹോൾഡ് വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁❁

## കരൂർ അപകടം

തമിഴ്നാട്ടിലെ കരൂറിൽ തമിഴക വെട്രി കഴകം അധ്യക്ഷനും നടനുമായ വിജയ്, സംഘടിപ്പിച്ച റാലിക്കിടെ ഉണ്ടായ തിക്കിലും തിരക്കിലും മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപയും നൽകും. അപകടത്തിൽ 39 പേരാണ് മരിച്ചത്. 50 ലധികം പേർ ചികിത്സയിലാണ്

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി - രാജ്ഭവൻ

RINU TVPM

രാജ്ഭവൻ പ്രസിദ്ധീകരിക്കുന്ന ത്രൈമാസികയായ രാജ്ഹംസിൻറെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ശശി തരൂർ എംപിക്ക് നൽകിയാണ് മുഖ്യമന്ത്രി ത്രൈമാസിക പ്രകാശനം ചെയ്തത്. ലോകഭവൻ എന്ന് ആശയത്തിലേക്ക് നാം മുന്നേറുകയാണെന്നതിൻറെ തെളിവാണ് പരിപാടിയെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ അഭിപ്രായപ്പെട്ടു. കേരളം സാക്ഷരതയാലും പ്രബുദ്ധതയാലും അടയാളപ്പെടുത്തപ്പെടുന്ന സംസ്ഥാനമാണെന്ന് മുഖ്യമന്ത്രി പ്രസംഗത്തിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## സേവാ പർവ് (ഇൻട്രേ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്രസർക്കാർ, അടൽ പെൻഷൻ യോജനയിലൂടെ അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ശക്തിപ്പെടുത്തിയത് സംബന്ധിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവാപർവ്വിൽ ഇന്ന്.

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

<u>അനൗൺസ്മെന്റ്</u>

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെ കുറിച്ചുള്ള പ്രത്യേക ചർച്ചയുടെ രണ്ടാം ഭാഗം ഇന്ന് ഉച്ച കഴിഞ്ഞ് 3.30 ന് പ്രക്ഷേപണം ചെയ്യും. വിഴിഞ്ഞം ICAR- സെൻട്രൽ മെറൈൻ ഫിഷറീസ് റീസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയന്റിസ്റ്റ് ഡോക്ടർ സൂര്യ എസ്സ് സംസാരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

<u>ഏഷ്യ കപ്പ്</u>

ഏഷ്യ കപ്പ് ക്രിക്കറ്റ് കലാശപ്പോരാട്ടത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം. ഏഷ്യ കപ്പിന്റെ 41 വർഷ ചരിത്രത്തിനിടെ ഇതാദ്യമായാണ് ഇരു ടീമുകളും ഫൈനലിൽ ഏറ്റുമുട്ടുന്നത് . ഇന്ത്യ എട്ടു തവണ കിരീടം ചൂടിയിട്ടുണ്ട്. മൂന്നാം കിരീടം തേടിയാവും പാക്കിസ്ഥാൻ ഇന്ന് ഇറങ്ങുക.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

<u>മഴ - സംസ്ഥാനം</u>

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

<u>**RABBIES (INTRO)**</u>

ഇന്ന് ലോക പേവിഷബാധ ദിനം. റാബീസ് വാക്സിൻ വികസിപ്പിച്ച ലൂയി പാസ്ചറിന്റെ ചരമദിനമാണ് ലോക പേവിഷബാധ ദിനമായി ആചരിക്കുന്നത്. പേവിഷബാധ പ്രതിരോധിക്കുന്നതിനുള്ള ഏറ്റവും മികച്ച മാർഗം മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പ്

നൽകുകയാണെന്ന്

കാസർഗോഡ് **സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഇന്ദു. പി. എസ് ആകാശവാണി വാർത്തകളോട് പറഞ്ഞു.**

**(ഹോൾഡ് വോയ്സ്.................)**

❁❁❁❁❁❁❁❁❁❁❁❁❁

## വോട്ടർപട്ടിക

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേരുചേർക്കാൻ വീണ്ടും അവസരം. കരട് വോട്ടർപട്ടിക നാളെ പ്രസിദ്ധീകരിക്കും. ഒക്ടോബർ 14 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## ജിഎസ്ടി

ജിഎസ്ടി പരിഷ്കാരങ്ങൾ സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ജനങ്ങൾക്ക് പ്രയോജനകരമാകുന്നു. എസി, ഡിഷ് വാഷർ, വലിയ എൽസിഡി, എൽഇഡി ടിവികൾ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുടെ ജിഎസ്ടി നിരക്കുകൾ 28 ൽ നിന്ന് 18 ശതമാനമായാണ് കുറയ്ച്ചത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## GST KERALA

കേരളത്തിൽ, ബാർ ഹോട്ടലുകളിൽ ജി.എസ്.ടി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനയിൽ കോടികളുടെ നികുതിവെട്ടിപ്പ് കണ്ടെത്തി. ഓപ്പറേഷൻ പ്രാൻസിങ് പോണി എന്ന പേരിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി 45 ബാർ ഹോട്ടലുകളിൽ 127.46 കോടിയുടെ വിറ്റുവരവ് വെട്ടിപ്പും, 12 കോടിയുടെ നികുതി വെട്ടിപ്പും കണ്ടെത്തിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി ബാങ്ക് ജപ്തി

കുട്ടികളുടെ പരീക്ഷാ സമയങ്ങളിലെ ജപ്തി നടപടികളിൽ നിന്ന് ബാങ്കുകൾ വിട്ടുനിൽക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇടപ്പള്ളിയിൽ കേരള ബാങ്ക് സംഘടിപ്പിച്ച ഐ.ടി. കോൺക്ലേവ്

ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കുട്ടികൾക്ക് മാനസിക സമ്മർദ്ദം നൽകരുതെന്നും സഹകരണ ബാങ്കുകൾ ഉൾപ്പടെ സാമൂഹിക പ്രതിബദ്ധതയോടെ പെരുമാറണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM